പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3984 12.12.2018 ൽ മറുപടിക്ക്

## ഏള്ളി ആട്ടോ ബയോകെമിക്കൽ അനലൈസർ മെഷീൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മുരളി പെരുനെല്ലി | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | മുല്ലശ്ശേരി കമ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഏള്ളി ആട്ടോ ബയോകെമിക്കൽ അനലൈസർ മെഷീൻ സ്ഥാപിച്ചതുവഴിയുണ്ടാകുന്ന ഗുണങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ; | (എ) | മുല്ലശ്ശേരി കമ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഏള്ളി ആട്ടോബയോകെമിക്കൽ അനലൈസർ മെഷീൻ സ്ഥാപിച്ചതുവഴി സെമി ആട്ടോ അനലൈസർ ഉപയോഗിച്ച് ബ്ലഡ് ഷുഗർ, സെറം കൊളസ്ട്രോൾ എന്നീ ടെസ്റ്റുകൾ മാത്രം ചെയ്തുകൊണ്ടിരുന്ന സ്ഥാനത്ത് ബ്ലഡ് ഷുഗർ, ലിവർ ഫങ്ഷൻ ടെസ്റ്റ്, റീനൽ ഫങ്ഷൻ ടെസ്റ്റ്, ലിപിഡ് പ്രൊഫൈൽ, സെറം യൂറിക് ആസിഡ് എന്നീ ടെസ്റ്റുകൾ വളരെ ചുരുങ്ങിയ നിരക്കിൽ ജനങ്ങൾക്ക് ചെയ്തുകൊടുക്കാൻ സാധിക്കുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ ചെയ്യുന്നതുകൊണ്ട് ലഭിക്കുന്ന റിസൾട്ട് ഗുണമേന്മയേറിയതാണ്. ഒരേ സമയം 50 ബ്ലഡ് സാമ്പിൾ ചെയ്യുവാൻ പറ്റുന്നതുകൊണ്ട് കൂടുതൽ പേരുടെ ബ്ലഡ് ടെസ്റ്റ് ചെയ്ത് റിസൾട്ട് പെട്ടെന്ന് കൊടുക്കുവാൻ സാധിക്കുന്നു. ഈ മെഷീൻ സ്ഥാപിച്ചതിനുശേഷം ടെസ്റ്റിനായി വരുന്നവരുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | പ്രസ്തുത മെഷീന്റെ പ്രവർത്തനത്തിന് ആവശ്യത്തിന് ജീവനക്കാർ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | ഈ ആശുപത്രിയിൽ ലാബ് ടെക്നീഷ്യന്റെ രണ്ട് തസ്തികകളാണുള്ളത്. ഇതിൽ ഒരു ജീവനക്കാരന്റെ സ്ഥലംമാറ്റത്തെത്തുടർന്ന് ഒരു ഒഴിവ് നിലനിൽക്കുന്നുണ്ട്. ടി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം വഴി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഒഴിഞ്ഞുകിടക്കുന്ന ലാബ് ടെക്നീഷൻ തസ്തിക നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ